# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3767

## 15-03-2017 ൽ മറുപടിക്ക്

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല, സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, ആരോഗ്യം, ടൂറിസം തുടങ്ങി വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽ നിന്നും 08.08.2016 ലെ സ.ഉ. (കൈ) നം. 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ കിഫ് ആക്റ്റിലെയും, സ്കീമിലെയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മ പരിശോധന നടത്തി കിഫ് ബോർഡിന്റെ |
| (ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ ? | |

| | |
|---|---|
| | അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചു വരുന്നത്. തുടർന്ന് കിഫ് ബോർഡിന്റെ അംഗീകാരം നൽകുന്ന പദ്ധതിക്ക് കിഫ്ബി ധനസഹായം നൽകുന്നു. ബോർഡ് ഇതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ ലിസ്റ്റ് കിഫ്ബിയുടെ വെബ് സൈറ്റിൽ ലഭ്യമാണ്. കിഫ് ബോർഡ് അംഗീകരിച്ച പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള പ്രവർത്തന പുരോഗതി അനുബന്ധമായി ലഭ്യമാക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | വകുപ്പ് | പ്രവർത്തന പുരോഗതി |
|---|---|---|
| 1 | ആരോഗ്യ-കുടുംബക്ഷേമം | പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| 2 | വനം-വന്യജീവി | പദ്ധതികളുടെ ഗുണഫലങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള സംസ്ഥാന തലത്തിലും, സർക്കിൾ തലത്തിലും പ്രോജക്റ്റ് മോണിറ്ററിംഗ് യൂനിറ്റുകളെ നിയമിച്ചിട്ടുണ്ട്. |
| 3 | ജലവിഭവം | മിക്ക പദ്ധതികൾക്കും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.<br>ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. ഏതാനും ചില പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| 4 | വിവര സാങ്കേതികം | ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള പ്രോജക്റ്റ് മോണിറ്ററിംഗ് യൂനിറ്റിനെ നിയമിച്ചിട്ടുണ്ട്. |
| 5 | പൊതുമരാമത്ത് | അമ്പലപ്പുഴ-തിരുവല്ല റോഡിന്റെ പണി ആരംഭിച്ചിട്ടുണ്ട്. വിവിധ റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന റോഡുകളുടെ ഇൻവെസ്റ്റിഗേഷൻ നടന്നു വരികയാണ്.<br>തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ കൈക്കൊള്ളുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ഇടക്കാല ഉപദേഷ്ടാവായി നിയമിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. |
| 6 | വ്യവസായം | ഭൂമി ഏറ്റെടുക്കലിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതായിട്ടുണ്ട്. |